# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.733 11.07.2016 ൽ മറുപടിയ്ക്ക്

## സുരക്ഷിത നടപ്പാതകളും, മേൽപ്പാലങ്ങളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ<br>" എൻ.എ.നെല്ലിക്കുന്ന്<br>" പി.കെ.അബ്ദുറബ്ബ്<br>" പി.ഉബൈദുള്ള | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ വിഭാഗത്തിൽപ്പെടുന്ന റോഡുകളിലും വാഹന ഗതാഗതം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ള സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ഇതു പരിഹരിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. സ്ഥല ലഭ്യത യനുസരിച്ച് റോഡിന്റെ വീതി കൂട്ടി വികസിപ്പിച്ച് വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന കെ.എസ്.റ്റി.പി പോലുള്ള പദ്ധതികളിൽ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് പഠനം നടത്തി വരുന്നുണ്ട്. കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന നഗര റോഡു വികസന പദ്ധതികളിൽ ക്രമാതീതമായ വാഹന പെരുപ്പം മൂലമുണ്ടാകുന്ന ഗതാഗതകുരുക്കുകൾ ഗണ്യമായി കുറയ്ക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) ഇതുമൂലം റോഡപകടങ്ങൾ വർദ്ധിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ പരിഹാരമാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കുമോ; | (ബി) ഉണ്ട്. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ഫണ്ട് ലഭ്യതയനുസരിച്ച് പരിഹാര മാർഗ്ഗങ്ങൾ നടപ്പിലാക്കി വരുന്നു. റോഡിലെ ലൈൻ മാർക്കിംഗുകൾ സൂചനാ ബോർഡുകൾ എന്നിവ പരമാവധി ചെയ്യുന്നുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ ഹംപുകൾ നിർമ്മിച്ചുവരുന്നു. കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന നഗര റോഡു വികസന പദ്ധതികളിൽ കാൽനടയാത്രക്കാരുടെ സുരക്ഷിതത്വത്തിനായി ഓടുകൾ പാകിയ നടപാതകൾ, പ്രധാന ജംഗ്ഷനുകളിൽ കമ്പിവേലികൾ, സീബ്രാ ലൈനുകൾ, സിഗ്നൽ സംവിധാനം എന്നിവ നിർമ്മിച്ച് നൽകിയിട്ടുണ്ട്. |
| (സി) അധികരിച്ച വാഹനഗതാഗതം മൂലം റോഡ് ക്രോസ് ചെയ്യുന്നതിനും ഓരങ്ങളിലൂടെ നടന്നുപോകുന്നതിനും കാൽനടക്കാർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സുരക്ഷിത നടപ്പാതകളും, മേൽപ്പാലങ്ങളും ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (സി) ഫണ്ട് ലഭ്യത, സ്ഥല ലഭ്യത എന്നിവയനുസരിച്ച് കാൽനടയാത്രക്കാർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി സുരക്ഷിത നടപ്പാതകളും മേൽപ്പാലങ്ങളും ഏർപ്പെടുത്തുന്നതാണ്. പുതിയ റോഡ് നിർമ്മാണത്തിൽ കാൽനട യാത്രക്കാർക്കായി നടപ്പാത നിർബന്ധമാക്കിയിട്ടുണ്ട്. ആയത് കൈയ്യേറി കാൽനട യാത്രക്കാർക്ക് തടസ്സം സൃഷ്ടിക്കുന്നതിനെതിരെ നടപടികൾ സ്വീകരിക്കുന്നതിനും സുരക്ഷിത കാൽനട യാത്ര ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ